# Public Power Republic Team of India

**KeralaZone, 10/195, LordKrishnaBuilding,Main Road,Kakkanad,Ernakulam**
**Pin: 682030, Phone: 8078410688, 9400429287, Email:ppr.ekm@gmail.com**

## ഇന്ത്യൻ ജനാധികാര ജനാധിപത്യ സംഘം
## സംക്ഷിപ്ത വിവരം

കഴിഞ്ഞ രണ്ടായിരത്തി അഞ്ഞൂറു വർഷമായി മനുഷ്യർ സദ്ഭരണം കൊതിക്കുകയാണ്. അതിനു മുൻപ് മനുഷ്യർ ഭക്ഷണം, പാർപ്പിടം, ഇണചേരൽ, കടന്നാക്രമണങ്ങൾ, ആഹോയി നൃത്തങ്ങൾ, കായിക ഘോഷങ്ങൾ തുടങ്ങിയ ഗോത്ര ഗതിയിൽ ഭ്രമിച്ചിരുന്നു. പ്ലേറ്റോ മുതൽ മാർക്സ് വരെയുള്ള ചിന്തകർ സദ്ഭരണത്തിനായി നിരവധി ദർശനങ്ങൾ രൂപീകരിച്ചിട്ടുണ്ട്.എല്ലാ ദർശനങ്ങളും ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും എന്ന ദ്വന്ദ്വത്തിലാണ് കൽപ്പന ചെയ്തിട്ടുള്ളത്. അധികാരികളെ പുണ്യാളരാക്കി നീതിയുള്ള ഭരണം പ്രാവർത്തികമാക്കാനാണ് സകലരും ആശിച്ചത്. രാജാവിന് പക്ഷപാതം ഉണ്ടാകാതിരിക്കാൻ പ്ലേറ്റോ "കമ്മ്യൂണിസം ഓഫ് വൈഫ്" എന്ന മണ്ടൻ ആശയം പോലും മുന്നോട്ടു വച്ചു.മാർക്സ് ആകട്ടെ സ്വകാര്യ സ്വത്താണ് പ്രശ്നം എന്ന് കരുതി; മനുഷ്യർക്ക് മൂക്കുകയറിട്ട് പശു ഫാംപോലെ സുഖ പ്രജനനം വിധിച്ചു. അതൊക്കെയും വിഡ്ഢിത്തത്തിൻറെ വിളനിലങ്ങളായിരുന്നു. കാലക്രമത്തിൽ പൈതൃക രാജഭരണം അവസാനിപ്പിക്കാനും ജനാധിപത്യം പ്രാബല്യമാക്കാനും പ്രജകൾ പരിശ്രമിച്ചു. ജനാധിപത്യം പ്രഖ്യാപിച്ചിട്ടും പൗരൻ എന്ന അഭിമാന ബോധം അധികം പേരിലും പ്രകടമായില്ല. തിരഞ്ഞെടുക്കപ്പെട്ട രാജാക്കളും സിൽബന്ധികളും ചേർന്ന് വീണ്ടും ഭരണം തന്നെയാണ് നടത്തുന്നത്. ഇന്നിപ്പോൾ പൈതൃക രാജാക്കന്മാരേക്കാൾ പ്രാകൃതമായ പക്ഷപാത പങ്കിലമായ ഭരണ ക്രമമാണ് തുടരുന്നത്.

ജനാധികാര ജനാധിപത്യത്തിൽ ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും എന്ന വിഭജനമില്ല. എക്സിക്യൂട്ടീവുകൾ ജനന മരണ രജിസ്ട്രാർ എന്ന നിദർശനത്തിലാണ് തുടരേണ്ടത്. നിയമവും ചട്ടവും നിർമ്മിക്കുന്നവരും നിയമവും ചട്ടവും പരിപാലിക്കുന്നവരും എന്ന നൂതന ദർശനമാണിത്. നിയമവും ചട്ടവും നിർമ്മിക്കുക പൗര പ്രതിനിധി സഭയും,നിയമവും ചട്ടവും പരിപാലിക്കുക പൗരനും.ഇത് വളരെ മഹനീയം തന്നെ. പൗരനെ സഹായിക്കുന്നതിനായി അംഗീകൃത ഉപദേഷ്ടാക്കളും (മെൻററർമാർ): അവർ ചേർന്ന് നിയമം പരിപാലിക്കും. നിയമവും ചട്ടവും പൗര പ്രതിനിധി സഭകൾ നിർമ്മിച്ചു കഴിഞ്ഞാൽ, അത് പ്രാബല്യത്തിൽ വന്നാൽ, തദനുസരണം പ്രവർത്തിക്കാനും ജീവിക്കാനും പൗരന് അവകാശം സിദ്ധിക്കുന്നു. ഇന്നിപ്പോൾ പൗര പ്രതിനിധി സഭകൾ നിർമ്മിച്ച നിയമങ്ങൾ അനുസരിച്ച് പ്രവർത്തിക്കാനും ജീവിക്കാനും എക്സിക്യൂട്ടീവുകൾ സമ്മതിക്കുന്നില്ല.രാജഭരണ കാലത്തേതുപോലെ പൗരൻ അപേക്ഷകളുമായി സർക്കാർ ആഫീസുകളിൽ നിരങ്ങേണ്ടി വരുന്നു. അതുകൊണ്ടു തന്നെ കൈക്കൂലിയും പക്ഷപാതങ്ങളും കാലവിളംബങ്ങളും സർവ്വസാധാരണമാണ്. ചുവപ്പുനാടയുടെ ചവറു കൂനയിൽ ജീവിതം ഹോമിക്കപ്പെടുന്നു. പക്ഷപാതം

കൊതിക്കാതെ സുതാര്യ സുവ്യക്തമായി വ്യവസ്ഥകൾ നിർണ്ണയം ചെയ്യുന്ന നിയമ നിർമ്മാണ സഭകൾ തന്നെ ദേശത്തിന് അഭിവൃദ്ധി നൽകും. പൗരനിൽ നീതിബോധം സുനിശ്ചിതമാക്കാൻ പ്രസ്തുത സുതാര്യതക്ക് കഴിയും. നിയമ നിർമ്മാണ സഭകളും സർക്കാരുകളും ഒന്നാണെന്ന് കരുതരുത്. കോടതികൾ സർക്കാരിൻറെ തന്നെ ഭാഗമാണെന്നും ധരിക്കരുത്.പൗരൻ, നിയമ നിർമ്മാണ സഭ, സർക്കാർ, കോടതി, മാധ്യമങ്ങൾ ഇങ്ങനെ അഞ്ചു സ്വതന്ത്ര ഘടകങ്ങളുണ്ട്. പരിഷ്കൃത സമൂഹത്തിന് എന്നും ഉത്തമ ബോധ്യം വേണം സകലർക്കും.

## ഭാരതത്തിൽ അഞ്ചു തരത്തിലുള്ള ഭരണ ക്രമങ്ങളുണ്ട്

1.വ്യക്തിഗതം,2.സാമൂഹികം,3.ദേശപരം,4.ദേശീയപരം,5.അന്തർദേശീയപരം. വ്യക്തിഗതവും സാമൂഹികപരവുമായ സംഗതികൾ മാത്രമേ ഇവിടെ പരാമർശിക്കുന്നുള്ളു. ദേശപരവും ദേശീയപരവും അന്തർദേശീയ പരവുമായ കാര്യങ്ങൾ പൗരന്മാരുമായി നേരിട്ടും പ്രത്യക്ഷത്തിലും ബന്ധപെട്ടിട്ടുള്ളതല്ലല്ലോ. വ്യക്തിപരമായതും സാമൂഹികപരമായതും ആയ സംഗതികളിൽ ഭരണകൂടങ്ങൾക്ക് ഇടപെടാനവകാശമില്ല. ദേശപരമായത് സംസ്ഥാന സർക്കാരും, ദേശീയപരവും അന്തർദേശീയ പരവുമായ സകലതും കേന്ദ്ര സർക്കാരും കൈകാര്യം ചെയ്യട്ടെ.

1 **<u>വ്യക്തിഗതം</u>**: ഓരോ പൗരനുമുള്ള വ്യക്തിഗത അവകാശങ്ങൾ: ജനിക്കാൻ, മരിക്കാൻ, ഇഷ്ടമുള്ള സ്ഥലങ്ങളിൽ പാർക്കാൻ, ഭൂമി ഉൾപ്പെടെയുള്ള സ്ഥാവര ജംഗമങ്ങൾ ആർജിക്കാനും ക്രയവിക്രയം ചെയ്യാനും അനുഭവിക്കാനും ഭാവനാപൂർവം വിനിയോഗിക്കാനും സംരംഭങ്ങൾ ആരംഭിക്കാനും അത് നടത്തികൊണ്ടുപോകാനും തൊഴിൽ നൽകാനും തൊഴിലെടുക്കാനും വിനോദിക്കാനും, സ്വപ്നം കാണാനും മറ്റുമുള്ള അവകാശങ്ങളുണ്ട്.അതിനെല്ലാം കൃത്യമായ നിയമങ്ങളും ചട്ടങ്ങളും പ്രാബല്യത്തിലും ഉണ്ട്. തദനുസരണം ജീവിക്കാൻ വീണ്ടും ഭരണകൂടത്തിൻറെ പ്രത്യേകം പ്രത്യേകം അനുമതിയുടെ ആവശ്യമില്ല. അതിന് അതാത് വ്യക്തിയും മെൻറ്ററും ചേർന്ന് പ്രസ്താവന നടത്തി യഥേഷ്ടം ജീവിക്കാനുള്ള അവകാശമുണ്ട്----ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും എന്ന വിഭജനം ഇല്ലാതെ---- അതാണ് ജനാധികാര ജനാധിപത്യത്തിൻറെ പ്രഥമ മുഖം.

## ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും എന്ന ദ്വന്ദം അവസാനിപ്പിക്കണം.

വ്യക്തിഗതപൗരാവകാശങ്ങൾവീട്ടിർമ്മിക്കുന്നതിന്,കിണറുകുഴിക്കുന്നതിന്, മതിലുകെട്ടുന്നതിന്, കെട്ടിടം കെട്ടുന്നതിന്, കച്ചവടം ചെയ്യുന്നതിന് വ്യവസായംആരംഭിക്കുന്നതിന്,ഫ്ലാറ്റ് നിർമ്മിക്കുന്നതിന്, ഭൂമിയുടെ വികസനത്തിന്,കൃഷിസ്ഥലംഒരുക്കുന്നതിന്,ഭൂമിഅളന്നുതിട്ടപ്പെടുത്തുന്നതിന്, റവന്യൂ രേഖകൾ തയ്യാർ ചെയ്യുന്നതിന്-തുടങ്ങിയ സകലതും പൗരനും മെൻറ്ററും (അതാതു രംഗത്തിൽ ബിരുദാന്തര ബിരുദം നേടിയ 30 നും 35 നും മദ്ധ്യേ പ്രായമുള്ളവർക്ക് മെൻറ്റർ ആകാനും 70 വയസ്സുവരെ കുറ്റമറ്റനിലക്ക് സേവനം ചെയ്യാനും അവകാശമുണ്ട്). ചേർന്ന് നിയമവും ചട്ടവും അനുസരിച്ച് പ്രമാണങ്ങൾ ചമച്ച് അവയുടെ സോഫ്റ്റ് കോപ്പിവെബ്സൈറ്റിൽ അപ്ലോഡ് ചെയ്യണം. ഹാർഡ്കോപ്പി പ്രാദേശിക ക്ഷേമകൂടത്തിന് കൈമാറേണ്ടതാണ്.

തുടർന്ന് ഏഴു ദിവസത്തിന് ശേഷം യഥേഷ്ടം പ്രമാണ വിധേയമായി പ്രവർത്തിനിർവഹണം നടത്താൻ പൗരന് അവകാശമുണ്ട്.

നിയമം അനുശാസിക്കുന്ന സകല വ്യക്തിഗത ആവശ്യങ്ങളും വ്യക്തിയും മെൻററും ചേർന്ന് പ്രമാണങ്ങൾ ചമച്ച് പ്രസ്താവന ചെയ്ത് പ്രവൃത്തി നിർവഹണം നടത്താം. വ്യക്തികൾ കൂട്ട് ചേർന്നിട്ടുള്ള സകല സംരംഭങ്ങളും വ്യക്തിഗതം തന്നെ. എന്നാൽ പബ്ലിക് കമ്പനികൾ വ്യക്തിഗതമല്ല. ഭരണകൂടത്തിൻറെ പൈശാചിക കെണിയിൽ നിന്നും പൗരജനങ്ങൾ പരിരക്ഷിക്കപെടുകയായാൽ ഭക്തിയുടെ പാരവശ്യത്തിൽ നിന്നും ഒഴിഞ്ഞൊരു ചൈതന്യ ശക്തി ഏതൊരുവനും അനുഭവമാകും.

ഇതുമൂലം കാലവിളമ്പം സംഭവിക്കുന്നില്ല. കൈക്കൂലിയും പക്ഷപാതവും തൊണ്ണൂറു ശതമാനവും ഇല്ലാതാകും. രാജ്യത്തിൻറെ വളർച്ച വളരെ വേഗത്തിലാകും. പൗരൻറെ സ്വാഭിമാനം വർദ്ധിക്കും. അപകർഷത കൂടൊഴിയും, ഇതോടെ പൗരന്മാരുടെ ആത്മസംഘർഷം ലഘൂകരിക്കപ്പെടും. സ്വാഭിമാനം വർധിക്കും. ഈ രാജ്യം തൻറേതുകൂടിയാണെന്ന് ഓരോരുത്തർക്കും അനുഭവപ്പെടും.അതോടെ ആളുകളിൽ സ്വാതന്ത്ര്യാനുഭവം ഉണ്ടാകും. അപേക്ഷകനും അധികാരിയും എന്ന പ്രാകൃത വ്യവസ്ഥയും അവസ്ഥയും ഇല്ലാതാകും. അപകർഷത മൂലവും അഹങ്കാരം മൂലവും മനുഷ്യശരീരത്തിൽ ഉല്പന്നമാകുന്ന പൈശാചിക ഹോർമോണുകൾ ഏറെ പേർക്ക് മാരക രോഗങ്ങൾക്ക് കാരണമാകും. ജനാധികാര ജനാധിപത്യം ഇത്തരം ദാരുണതകളിൽ നിന്നും മനുഷ്യർക്ക് സമാശ്വാസം നൽകും എന്നും തിരിയണം.

സർ എന്ന സംബോധന ഇല്ലാതാകും.അപേക്ഷയെന്നോ, അഭ്യർത്ഥനയെന്നോ ഉള്ള യാചക ധ്വനികൾ സമൂഹത്തിൽ നിന്നും അപ്രത്യക്ഷമാകും, ഉദ്യോഗസ്ഥർ പ്രമാണ മോർച്ചറികളുടെ കാവൽക്കാർ മാത്രമാകും പൗരനോ മെൻററോ രണ്ടു പേരും കൂടി ചേർന്നോ വല്ല കൃത്യ വിലോപം ചെയ്യുന്ന പക്ഷം അതാത് ഉദ്യോഗസ്ഥർക്ക് ആയത്ഉചിതമായ കോടതികളുടെ മുൻപിൽ പരാതിപ്പെടാവുന്നതും കോടതി ഉത്തരവുകൾ അനുസരിച്ച് ഉചിതമായി പ്രവർത്തിക്കാവുന്നതുമാണ്.

## 2 **സാമൂഹികം** : ക്ഷേമവും പ്രാദേശിക വികസനവും

ഗ്രാമീണ ക്ഷേമ കർമ്മങ്ങളുടെയും വികസന പ്രവർത്തികളുടെയും ചുമതല ഗ്രാമ പഞ്ചായത്തിനേയും അർബൻ ക്ഷേമവും വികസനവും മുൻസിപ്പാലിറ്റികളെയും ഭരമേൽപ്പിക്കണം. (കോർപ്പറേഷനുകൾ മേഖലകളായി തിരിച്ച് മുൻസിപ്പാലിറ്റികളുടെ ഘടനയിൽ പ്രവർത്തി നിർവഹണം നടത്തണം). ബാക്കിയുള്ള സകല ക്ഷേമ കർമ്മങ്ങളും വികസന പ്രവർത്തികളും ജില്ലാക്ഷേമകൂടവും സംസ്ഥാനഭരണകൂടവും നീതിപൂർവം നിർവ്വഹിക്കണം. സകലത്തിലും സുതാര്യത ഉറപ്പിക്കണം അവ പ്രാദേശിക അസംബളികളിൽ വിശകലനം ചെയ്യണം.

**<u>രാജ്യം പൗരന്മാരുടെ സ്വന്തമെന്ന് ഉറപ്പിക്കും</u>.**

സാമൂഹിക ക്ഷേമവും പ്രാദേശികവികസനവും നിർവഹിക്കാൻ ബാധ്യതപ്പെട്ട ചുമതലാകേന്ദ്രങ്ങളാണ് പ്രാദേശിക ക്ഷേമകൂടങ്ങൾ. അപ്പോൾ

മഹാത്മാവിൻറെ ഗ്രാമസ്വരാജും പഞ്ചായത്തുരാജും നഗരപാലികയും പ്രയോഗത്തിലാക്കേണ്ടതാണ്. എന്നാൽ നൂറു കൊല്ലം മുമ്പുള്ള ഗ്രാമ പരിമിതിയെ പ്രോത്സാഹിപ്പിക്കരുത്.സ്വയം പര്യാപ്തഗ്രാമം എന്നും സ്വയം പര്യാപ്തനഗരം എന്നുമുള്ള ശാഠ്യം ഒഴിവാക്കണം. സുസ്ഥിര വികസനം എന്ന കാഴ്ചപ്പാട് ഉത്തമമാണ്.സ്വയം പര്യാപ്ത ഗ്രാമമെന്നും നഗരമെന്നുമുള്ള കാഴ്ച ആധുനിക ലോകത്തിൽ അവഹേളന പരമാണ്. എന്നാൽ സ്വാശ്രയ ഗ്രാമം എന്നും സ്വാശ്രയ നഗരം എന്നും ഉള്ള കാഴ്ച അനുപേക്ഷണീയം എന്നറിയണം.ഈ ദർശനം ഉൾക്കൊള്ളുമ്പോൾ മാത്രമേ ധിക്ഷിണാശാലികളായ അധ്യക്ഷരെ തിരഞ്ഞെടുക്കേണ്ടതിൻറെ അനിവാര്യത സമൂഹത്തിന്ബോധ്യപെടുകയുള്ളൂ.അർപ്പണബോധമുള്ള,കാര്യപ്രാപ്തിയുള്ള അദ്ധ്യക്ഷനെ ജനങ്ങൾ സ്വയമേ തിരഞ്ഞെടുത്തു നിയോഗിക്കുന്ന പക്ഷം നികുതി വിഹിതം സ്വീകരിക്കാതെ തന്നെ ക്ഷേമൈശ്വര്യം കൈവരിച്ച് പ്രദേശത്തെ സമ്പന്നമാക്കാനും കഴിയും എന്നു കൂടി അറിയണം. ഏതു സാഹചര്യത്തിലും സമൂഹത്തിലെ സകല സാധാരണക്കാരെയും ക്ഷേമവികസന കാര്യത്തിൽ പങ്കാളികളാക്കുന്നതും അതാതുദേശം അവരുടേതു കൂടിയാണെന്ന് ബോധ്യപ്പെടുത്തുന്നതും ഉത്തമം തന്നെ. അതോടെ സാധാരണക്കാരുടെ അപകർഷത ഇല്ലാതാകും. ലഹരിക്കൊതിയും കലഹവാസനയും കുറയും. എപ്പോഴും നീതിപൂർവ്വമാ ണ്പ്രവർത്തികൾ നിർവഹിക്കപ്പെടുന്നതെന്ന് സകലരെയും ബോദ്ധ്യപ്പെടുത്തുകയും വേണം. പ്രാദേശിക ക്ഷേമകൂടങ്ങളുടെ അധ്യക്ഷർക്ക് ജുഡീഷ്യൽ അധികാരം ഉണ്ടായിരിക്കുന്നതും ഉത്തമമാണ്. അത് അനുരഞ്ചന മേശയായി അറിയപ്പെടണം. കൊലപാതകവും,കൊലപാതകശ്രമവും ഒഴികെയുള്ള കലഹങ്ങളും സകല നിയമ ലംഘനങ്ങളും വിശകലനം ചെയ്യുന്നതിനും, ന്യായം പ്രസ്ഥാവിക്കുന്നതിനും പ്രാദേശിക ക്ഷേമ കൂട അധ്യക്ഷർക്ക് ചുമതല നൽകണം.അതിനു ശേഷമേ കോടതികളിൽ വ്യവഹാരം കൊടുക്കുന്നതിന് പരാതിക്കാരന് അവകാശമുണ്ടാകാവൂ. പോലീസിൽ/എക്സൈസിൽ ലഭിക്കുന്ന പരാതികൾക്കു പോലും പ്രാദേശിക അദ്ധ്യക്ഷരുടെ അനുരഞ്ജനത്തിനായി അവസരം കൊടുക്കണം.

## 3 <u>കർഷക രക്ഷ രാജ്യ സുഭിക്ഷം</u>

കാർഷിക ഉല്പന്നങ്ങളും സംസ്ക്കരിത ഉല്പന്നങ്ങളും അതിൽ നിന്നും വസൂലാക്കുന്ന ലാഭവും കർഷകരുടെ അവകാശമാണ്.അവ ഉപഭോക്താവിൻറെ കൈകളിൽ എത്തുന്നതുവരെയുള്ള ഉടമസ്ഥതയും ലാഭവും കർഷകരുടെ സ്വന്തമാണ്. ഓരോ കാർഷിക ഉൽപ്പന്നങ്ങളും സംസ്ക്കരിത ഉൽപ്പന്നങ്ങളും ഉപഭോക്താവ് അവസാനമായി വാങ്ങുന്ന വില വരെയുള്ള വരുമാനം അതാതു കർഷകർക്ക് തന്നെ ലഭിക്കണം. അപ്രകാരമുള്ള വരുമാനലാഭം ഇടനിലക്കാർ കൊള്ളയടിക്കുകയാണ്. ഇതുവല്ലാത്തപാതകമാണ്. പോക്കറ്റടി ഹീനതയാണെന്ന് കരുതുന്ന സമൂഹം കർഷകൻറെ പോക്കറ്റടിക്ക് സാധുത നൽകുന്നത് മ്ലേച്ഛമാണ്. ആകയാൽ കാർഷിക ഉൽപ്പന്നങ്ങൾ ഉപഭോക്താവിന് വിൽക്കാനുള്ള അവകാശം കർഷകർക്കും കർഷക സംഘങ്ങൾക്കുമായി സംവരണം ചെയ്യണം. അതുപോലെ കാർഷിക ഉൽപ്പന്നങ്ങൾ സംസ്ക്കരിക്കാനും സംസ്ക്കരിത

ഉൽപ്പന്നങ്ങൾ വിൽക്കാനുള്ള അവകാശം കർഷക സംഘങ്ങൾക്ക് മാത്രമായി സംവരണം ചെയ്യണം. ഇതോടെ കാർഷിക ഉൽപ്പന്നങ്ങളിൽ മേലുള്ള മൂല്യ വർദ്ധനയും കർഷകർക്ക് തന്നെ ലഭിക്കും അതിലധികം കാർഷിക ഉല്പന്നങ്ങളിലും സംസ്കരിത ഉൽപ്പനങ്ങളിലും ഉള്ള മായം ചേർക്കൽ അവസാനിപ്പിക്കാനുള്ള ഉത്തരവാദിത്വം കർഷകർ ഏറ്റെടുക്കണം. അതിനവർക്ക് അവസരം നൽകണം.

## 4 <u>ചെറുകിട സംരംഭങ്ങൾ രാജ്യത്തിൻറെ നിധി കുംഭങ്ങൾ</u>

ഭാരതത്തിൻറെ പ്രശ്നം അപകർഷതയാണ് .ചാതുർവർണ്യ ദുസ്ഥിതികൾ കൊണ്ട് അധികം മനുഷ്യരും സ്വാഭിമാനികളായി കാണുന്നില്ല.സ്വാഭിമാനം ആർജിക്കാത്ത മനുഷ്യർക്ക് സ്വാതന്ത്ര്യം അനുഭവിക്കാനൊ സാഹോദര്യം പുലർത്താനോ കഴിയുകയില്ല. ജ്ഞാനവിജ്ഞാനങ്ങൾ ആർജിക്കുകയും വിരക്തി കൈവരിക്കുകയുമാകയാൽ ആരിലും സ്വാഭിമാനം ശോഭിക്കും. പക്ഷെ അധികം പേർക്കും അത്തരം ഒരു ശ്രേഷ്ഠ അവസ്ഥയെ പ്രാപിക്കാൻ പ്രാപ്തി വരുകയില്ല. ഭാരതത്തിൻറെ പരിതസ്ഥിതിയിൽ ചെറുകിട സംരംഭകരായി വിജയിക്കുകയാണ് സ്വാഭിമാനത്തിനുള്ള ലളിത മാർഗം. രാജ്യവളർച്ചക്കുള്ള ഉത്തമ മാതൃകയും വ്യക്തിഗത ഉന്നമനത്തിനുള്ള എളിയ മാർഗവും ഇത് തന്നെ.അധികാരി ചമയുന്ന എക്സിക്യൂട്ടീവുകളോ ഔദാര്യം കൊതിക്കുന്ന ജനങ്ങളോ അല്ല രാജ്യത്തെ വളർച്ചയിലേക്ക് നയിക്കുന്നത്. അത് സംരംഭകരാണ്, ഉല്പാദകരാണ്, കർഷകരാണ് എന്നും മനസിലാക്കണം. ഉപഭോക്താവ് രാജാവ് എന്ന പാശ്ചാത്യ കൽപ്പന ബാലിശമാണ് .യഥാർത്ഥത്തിൽ ഉൽപ്പാദകനാണ് രാജാവ് എന്നും തിരിച്ചറിയണം. അതുകൊണ്ട് സംരംഭകർക്ക് സ്വാഭിമാനത്തോടെ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നടത്തികൊണ്ടുപോകുന്നതിനുമുള്ള സ്വാതന്ത്ര്യവും സംരക്ഷണവും ലഭിക്കണം.ഭരണകൂടത്തിൻറെയോ ഉദ്യോഗസ്ഥരുടെയോ ഇടപെടൽ ഉണ്ടാകരുത്. സംരംഭകർ വല്ല വീഴ്ചകളും തെറ്റുകളും വരുത്തുന്ന പക്ഷം ആയത് നിരീക്ഷിക്കാനും അത് സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ കോടതിമുമ്പാകെ ഉന്നയിക്കുന്നതിനും ഉദ്യോഗസ്ഥർക്ക് ബാധ്യതയുണ്ട്.

**ചെറുകിട സംരംഭകരുടെ മൂലധനത്തിന് ഇൻഷുറൻസ് പരിരക്ഷ**

കേരളത്തിലെ സമൂഹത്തിൻറെ പൊതുസ്വഭാവം തൊഴിൽ തേടലും ഇര തേടലുമാണ്. അത്കൊണ്ട് തന്നെ ദേശം മുടിയുന്നു ശേഷിക്കുന്ന യുവ ജനങ്ങളെ സംരംഭകരായി പരിപോഷിപ്പിക്കുന്നതിന് അവരുടെ മൂലധനത്തിന് ഇൻഷുറൻസ് പരിരക്ഷ നൽകണം. അതോടൊപ്പം അതാതു ഇൻഷുറൻസ് കമ്പനി തന്നെ സംരംഭകരുടെ കമ്പാനിയനായും മെൻററായും പ്രവൃത്തിക്കാനുള്ള സാഹചര്യം ഒരുക്കണം.അതോടെ ഏറെപ്പേർ സംരംഭകരായി വരും; അതിലധികം സംരംഭക പരാജയം നന്നേ കുറയും. ആധുനിക ബോധ്യവും ദിശാദർശനവും ഉള്ള വലിയ സ്ഥാപനങ്ങൾക്ക് നിലവിലുള്ളതും ദശാബ്ദ ശേഷം സംഭവിക്കാനിടയുള്ളതുമായ സകല ലോക വളർച്ചയും ഗതി വിഗതികളും നിർണ്ണയം ചെയ്യാനും ദർശനം ചെയ്യാനും കഴിയും. അത്തരം മെൻറ്റർമാരുടെ സഹവർത്തിത്വം കൊണ്ട് ചെറുകിട സംരംഭങ്ങളുടെ പരാജയ സാധ്യത തുലോം തുഛമാകും. ഇതു രാജ്യത്തെ വലിയ വളർച്ചയിലേക്ക് എത്തിക്കും. തൊഴിലുകളും ഏറെ വർദ്ധിക്കും. ഗ്രാമ്യ ഉൽപ്പന്നങ്ങൾക്ക് മൂല്യ വർദ്ധന വരും. അത്

രാജ്യത്തിനകത്തും പുറത്തും അധിക വരുമാനത്തിൻറെ വാതായനങ്ങൾ തുറക്കും .നികുതി വരുമാനം വർധിക്കാനും വിദേശനാണ്യനിധി ശേഖരം അധികരിക്കാനും ഇടയാകും.അതിലുപരി ആധുനിക ശാസ്ത്ര ബോധത്തെ ദീപ്തമാക്കി യൗവ്വനങ്ങൾ നൂതന മേച്ചിൽ പുറങ്ങൾ കണ്ടെടുക്കും .ഭാരതം ലോകത്തിൻറെ ശ്രദ്ധാ കേന്ദ്രമായി പരിലസിക്കും .

**5 . നിർമാണ-വികസന കരാറുകൾ ചെറുകിട സംരംഭകർക്ക്**

ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും എന്ന വിഭാഗങ്ങൾ ഇല്ലാതെ വന്നാൽ കൈക്കൂലി ഇല്ലാതാക്കാനും കാലവിളംബം ഒഴിവാക്കാനും പക്ഷപാതം ഇല്ലാതാക്കാനും കഴിയും.പിന്നെയും അഴിമതിക്ക് വാതിലുകളുണ്ട്. അതിൽ വർധിച്ച സാദ്ധ്യതയുള്ളത് നിർമ്മാണക്കരാറുകൾ വഴിയാണ്. ഇന്നുള്ളതുപോലെ വൻകിട കരാറുകൾ വലിയ അഴിമതികൾക്ക് കാരണമാകുന്നുണ്ട്.അത് ലഘൂകരിക്കുന്നതിനും പ്രാദേശിക വികസനത്തിനും കരാറുകൾ പരമാവധി ചെറുകിട സംരംഭകർക്ക് നൽകുക തന്നെ വേണം. അതോടൊപ്പം അതു സംബന്ധിച്ച സകലവിവരങ്ങളും വെബ് സൈറ്റിൽ പ്രകാശിപ്പിക്കുന്നതും ഉത്തമം തന്നെ. എല്ലാറ്റിനും ഉപരി പ്രാദേശിക അസംബ്ലികളിൽ ചർച്ചചെയ്യുന്നതിനും പൗരസമൂഹത്തിന് അവസരങ്ങളുണ്ട്. അതുമൂലം അഴിമതിയും ലഘൂകരിക്കപ്പെടും. എന്നിരുന്നാലും വൻകിട പ്രോജക്ടുകളിൽ നിന്നും വസൂൽ സാദ്ധ്യത നിലനിൽക്കും, അവയൊക്കെ ഇല്ലായ്മ ചെയ്യുന്നതിന് പൗരസംഘങ്ങളുടെ ജാഗ്രതയും കരുതലും കാഴ്ചയും അനിവാര്യമാണ്.

## സംഗ്രഹം

ഭാരതത്തിൽ ഇന്നും തുടരുന്നത് കോൺസ്റ്റിട്യൂഷ്യണൽ ഡമോക്രസിയാണ്. അതിനാൽ രാജവാഴ്ചയുടെ എല്ലാ ദുരിതങ്ങളും ജനങ്ങൾ പേറുന്നുണ്ട്. യഥാർത്ഥത്തിൽ ഇന്ത്യയിൽ ഡിസ്ട്രിബ്യൂട്ടഡ് മൊണാർക്കിയാണ്. അങ്ങനെയാണ് അനുഭവം, മാത്രമാണ് പ്രശ്നം, അതട്ടിമറിക്കലാണ് ഭരണം. അതിനായി വാർത്തകൾ മുക്കും, വളച്ചൊടിക്കും, മാധ്യമങ്ങളെ പാട്ടത്തിനെടുക്കും, നുണകൾ സത്യമാക്കും, ഔദാര്യം ആടിത്തിമിർക്കും, പിച്ചചട്ടിയിൽ തുട്ടുകൾ വിതറും, എങ്ങനെയും ജയിക്കണം. അതുകൊണ്ട് ഭാരതത്തിലെ പൗരന്മാർക്ക് പ്രജ എന്ന നിലക്കുള്ള യാചകബോധമല്ലാതെ പൗരൻ എന്ന നിലക്കുള്ള അവകാശശക്തി കൈവരുന്നില്ല. അത് അനുവദിച്ചു കൊടുക്കാൻ എക്സിക്യൂട്ടീവ് സന്നദ്ധരല്ല. പൗരാവകാശം നേടിയെടുക്കാനുള്ള ആത്മബോധവും ഇച്ഛാശക്തിയും ജനതയ്ക്കില്ല. അധികാരികളുടെ, പാർട്ടിക്കാരുടെ, ഉദ്യോഗസ്ഥരുടെ ഔദാര്യം യാചിച്ച് പക്ഷം ചേർന്ന് കിട്ടുന്ന എച്ചിലിനായി ശ്വാകൂടുകയാണ് അധികം പേരും. ഇന്ന് പൗരന് ഒരു അധികാരവുമില്ല,അവകാശവുമില്ല. ഭരണകൂടത്തിൻറെ ഔദാര്യം കൊണ്ട് പുലരാം എന്ന് മാത്രം പഞ്ചായത്തിനും മുൻസിപ്പാലിറ്റിക്കും ഏതു കെട്ടിടവും അനധികൃതമെന്ന് പറഞ്ഞ് പൊളിച്ചു കളയാം. ഫോറസ്റ്റുകാർക്ക് ജെണ്ടയ്ക്ക് വെളിയിലുള്ള വീടുകളും കുരിശുകളും തച്ചുടക്കാം .

ഇന്നിപ്പോൾ പൗരാവകാശ ധ്വംസനം ഉദ്യോഗസ്ഥർ നടത്തിയാൽ പൗരൻ കോടതിയെ സമീപിക്കണം.സകല ദുര്യോഗങ്ങളും ദുരന്തങ്ങളും പൗരൻ തന്നെ പേറുകയും വേണം: ഉദ്യോഗസ്ഥർ ഘോഷിച്ചുല്ലസിക്കും. ജനാധികാര

ജനാധിപത്യത്തിൽ പൗരൻ നിയമലംഘനം നടത്തിയാൽ പൗരനെതിരെ ഭരണകൂടം കോടതിയിൽ പരാതിപ്പെടണം കോടതി ഉത്തരവ് അനുസരിച്ച്പ്രവർത്തിക്കാനെ ഭരണകൂടത്തിന്,ഉദ്യോഗസ്ഥന്, ഏജൻസികൾക്ക് അവകാശവും ചുമതലയും ഉള്ളൂ.ഇത് സാമൂഹ്യ മാറ്റത്തിനുള്ള വലിയ ചുവടു വയ്പ്പാണ് രാജഭരണത്തിൽ നിന്നും ജനാധിപത്യത്തിലേക്കുള്ള പരിവർത്തനമാണ്. ഭരണകൂട ഉദാസീനതകളുടെയും കോടതികളുടെ നീതി വിളംബങ്ങളുടെയും ഗുണം പൗരന് ലഭിക്കും അതുകൊണ്ട് ഭരണകൂടവും കോടതിയും കൂടുതൽ ഉഷാറായി പ്രവർത്തിക്കും. ജാഗ്രത കൊള്ളും. താമസക്കാരെ ഒഴിപ്പിക്കാം. ഏതു വീട്ടിലും കയറി കഞ്ഞിക്കലം ഉടയ്ക്കാം എലി ചത്താലും കർഷകനെ കസ്റ്റഡിയിൽ എടുത്ത് ദണ്ഡിപ്പിക്കാം. എന്തൊരു രാജഭരണം പൗരന് എന്ത് ചെയ്യാനാകും കരയാം, ജനപ്രധിനിധികൾക്ക് വിലാപ ഗാനം പാടാം മാധ്യമങ്ങൾ അതും ഘോഷമാക്കും. ഈ ദുരന്തങ്ങളിൽ നിന്നും പൗരസമൂഹത്തെ സംരക്ഷിക്കേണ്ടതുണ്ട്.

ജനാധികാര ജനാധിപത്യത്തിൽ ജനത പ്രജകളല്ല പൗരന്മാരാണ്. യഥാർത്ഥത്തിൽ അബ്സല്യൂട്ട് കോൺസ്റ്റിട്യൂഷനൽ ഡമോക്രസിയാണ് ഫലത്തിൽ വരിക.ഓരോ പൗരനും ഈ രാജ്യം അവൻറ്റേതു കൂടിയാണെന്ന അഭിമാന ബോധം സ്വന്തമാകും അത് സകലർക്കും സ്വാഭിമാനത്തിനും സന്തോഷത്തിനിട നൽകും.അതോടെ ഏവരും നിർഭയരും സ്വാതന്ത്ര്യവും അനുഭവിക്കുന്നവരും ആയി ശോഭിക്കും. ജനാധികാര ജനാധിപത്യത്തിൽ ആർക്കും അധികാരമില്ലെന്ന വസ്തുത സകലരും തിരിച്ചറിയണം. പൗരന്മാർക്ക് മാത്രമാണ് അധികാരമുള്ളത്. അത് അവകാശം മാത്രമാണ്. ബാക്കിസകലർക്കും ചുമതല മാത്രമാണുള്ളത്. പൗരപ്രതിനിധി സഭക്കുള്ളതും നിയമ ചട്ട നിർമ്മാണ ചുമതല മാത്രമാണ്. നിയമവും ചട്ടവും പാസാക്കുന്ന സഭാംഗങ്ങൾക്ക് നിയമവും ചട്ടവും അനുസരിച്ചുള്ള യാതൊരധികാരവും ഇല്ലെന്നും അറിയണം നിയമവും ചാട്ടവും അനുസരിച്ച് ജീവിക്കാനും ഉള്ള അവകാശം ഓരോ പൗരനുമുണ്ട് .അതുപോലെ നിയമവും ചാട്ടവും അനുസരിച്ച് ക്ഷേമ നിർവഹണവും വികസന പരിപാടികളും പ്രാദേശിക ക്ഷേമകൂടങ്ങളുടെയും ഗ്രാമസഭകളുടെയും വാർഡ് സഭകളുടെയും ചുമതലയാണ്. അതിലുപരിയുള്ള ചുമതലയൊക്കെ ജില്ലാ ക്ഷേമകൂടവും സംസ്ഥാന ഭരണകൂടവും കേന്ദ്ര ഭരണകൂടവും നേരിട്ട് നിർവഹിക്കും.

പഞ്ചായത്ത് രാജ് നിയമത്തിലോ, നഗര പാലിക നിയമത്തിലോ മറ്റു നിയമങ്ങളിലോ എന്തു തന്നെ പറഞ്ഞാലും പൗരനെതിരെയുള്ള ഏത് നടപടിയും നിർവഹിക്കുന്നതിന് മുൻപ് ആയത് കോടതിയുടെ വിചാരണക്ക് വിധേയമാക്കേണ്ടതും തുടർന്നുള്ള ഉത്തരവിൻറെ പിന് ബലത്തിൽ മാത്രം നിർവഹിക്കേണ്ടതുമാണ്. ജനാധികാര ജനാധിപത്യത്തിൻറെ നിർണ്ണായകമായ നിശ്ചയമാണിത്. അധികാര വികേന്ദ്രീകരണം ആപത്താണെന്ന് ജനാധികാര ജനാധിപത്യം എന്ന കവിതയിൽ പ്രതിപാദിച്ചിട്ടുണ്ട്. അത് അബദ്ധമല്ല സുബദ്ധമാണ്. ജനാധിപത്യത്തിൽ അധികാരം ജനങ്ങളിലാണ് നിഷിപ്തമാകേണ്ടത്.അത്ജനപ്രധിനിധികളിലേക്കല്ലവികേന്ദ്രീകരിക്കപ്പെടേണ്ടത്. ജനപ്രധിനിധികളിലെത്തുന്ന സകല അധികാരങ്ങളും

രാജാധികാരമായി അധഃപതിക്കും; അത് ആളുകളെ ദുഷിപ്പിക്കും. രണ്ടായിരത്തി അഞ്ഞൂറ് കൊല്ലത്തെ പരിശ്രമം കൊണ്ടും പരിഹരിക്കപ്പെടാത്ത മനുഷ്യസ്വഭാവം ഇനി മാറ്റാമെന്നാരും കരുതരുത്. പഞ്ചായത്തുകളിൽനിന്നും മുൻസിപ്പാലിറ്റിയിൽ നിന്നും കോർപ്പറേഷനുകളിൽ (മേഖലാകേന്ദ്രങ്ങൾ) നിന്നും കളക്ടറേറ്റിൽ നിന്നും അധികാരം നീക്കം ചെയ്യണം. അവരിലേക്ക് വികേന്ദ്രീകരിക്കേണ്ടത് ക്ഷേമത്തിനും വികസനത്തിനുമുള്ള ചുമതലകൾ മാത്രമാണ്. അവർ ദുരന്ത നിവാരണ സേനയായി തുടരട്ടെ, കോടതികളുടെ ആജ്ഞാനുവർത്തികളാകട്ടെ.

ഇത്രയും ശ്രേയസ്ക്കരമായ സാമൂഹ്യ അവസ്ഥ സംജാതമാകുന്നതിന് യാതൊരു ചിലവും ഇല്ലന്നറിയണം. മാത്രമല്ല വലിയ സാമൂഹിക മാറ്റങ്ങൾ- ഭരണ ചിലവ് നാലിലൊന്നായി കുറയും. രാജ്യവളർച്ച ധൃതഗതിയിലാകും, തൊഴിലവസരങ്ങൾ വർദ്ധിക്കും, യവ്വനങ്ങൾ ദേശത്തിൻറെ ശക്തിയായി നിലനിൽക്കും, അപകർഷത ലഘൂകരിക്കും,സ്വാഭിമാനം വർദ്ധിക്കും, നിർഭയത്വം സകലരിലും ശോഭിക്കും–അനുഭവത്തിലാകും.ചെറിയ നിയമ നിർമ്മാണങ്ങൾ കൊണ്ട് അനുഭവത്തിൽ വരുത്താൻ പറ്റുന്ന സംഗതികൾ തന്നെ. എന്നാലതിന് പൗരബോധമുള്ള ധിഷിണാശാലികൾ അണിനിരക്കണം. പ്രതിഭാധനരെന്ന് എഴുന്നള്ളുന്ന വേഷം കെട്ടുകാരിൽ നിന്നും അതിനുതകുന്ന ഊർജ്ജ പ്രസരണം ഉണ്ടാകുകയില്ല. പക്ഷെ സാമാന്യ ജനങ്ങൾക്ക് അതിനുള്ള ത്രാണിയുണ്ട്, ആയതു അവർക്കു മനസിലാകുന്ന ഭാഷയിൽ വ്യാപനം ചെയ്യുവാൻ സകലരും പ്രാദേശികക്ഷേമകൂടങ്ങളുടെ തലത്തിലും വാർഡു തലത്തിലും പ്രവർത്തിക്കാനും പ്രഘോഷിക്കാനുള്ള സന്നദ്ധത കാണിക്കണം.

സ്നേഹപൂർവം

**സ്വാമി ഗുരുശ്രീ**

**9847558458**